നിയമസഭ 2016 ജൂൺ മാസം 24-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

രാവിലെ 8.50-ന് മുമ്പായി എല്ലാ അംഗങ്ങളും അവരവരുടെ ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരായി.

നിയമസഭാ മന്ദിരത്തിന്റെ കിഴക്കുവശത്തുള്ള പോർട്ടിക്കോയിൽ രാവിലെ 8.55-ന് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ഗവർണ്ണറെ (ശ്രീ. ജസ്റ്റിസ് (റിട്ട.) പി. സദാശിവം) ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും ചീഫ് സെക്രട്ടറിയും നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്ജും ചേർന്ന് സ്വീകരിച്ച് നാഷണൽ സല്യൂട്ട് നൽകി സ്പീക്കറുടെ വേദിയിലേയ്ക്ക് ആനയിക്കുകയും ഗവർണ്ണർ വേദിയിലെത്തുന്നതുവരെ കാഹളഘോഷം മുഴക്കുകയും ചെയ്തു.

ബഹുമാനപ്പെട്ട ഗവർണ്ണർ ചേമ്പറിന്റെ കവാടത്തിൽ എത്തിയപ്പോൾ ചീഫ് മാർഷൽ ഗവർണ്ണറുടെ ആഗമനം അംഗങ്ങളെ അറിയിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർ, മുഖ്യമന്ത്രി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും

വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്ജ്, ഗവർണ്ണറുടെ സെക്രട്ടറി എന്നിവരോടൊപ്പം ചേമ്പറിൽ പ്രവേശിച്ച ബഹുമാനപ്പെട്ട ഗവർണ്ണറെ എല്ലാ അംഗങ്ങളും എഴുന്നേറ്റുനിന്ന് സ്വാഗതം ചെയ്തു.

ബഹുമാന്യരായ ഗവർണ്ണറും സ്പീക്കറും അദ്ധ്യക്ഷവേദിയിൽ അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ പോലീസ് ബാൻഡ് ദേശീയഗാനവാദനം നടത്തി. തുടർന്ന് ഗവർണ്ണർ നിയമസഭാ സാമാജികരെ അഭിവാദ്യം ചെയ്ത് ഉപവിഷ്ടനായി.

ബഹുമാനപ്പെട്ട ഗവർണ്ണർ രാവിലെ 9 .00 -ന് പ്രസംഗം ആരംഭിച്ചു.

## ഗവർണ്ണറുടെ പ്രസംഗം

Shri Justice (Retd) P. Sathasivam: Honble Speaker, Honble Members, എല്ലാവർക്കും എന്റെ നമസ്കാരം,

(ഗവർണ്ണറുടെ പ്രസംഗത്തിന്റെ കോപ്പിയും മലയാള പരിഭാഷയും അനുബന്ധമായി വച്ചിട്ടുണ്ട്.)

ഗവർണ്ണറുടെ പ്രസംഗം രാവിലെ 11.23-ന് പൂർത്തിയായി.

പ്രസംഗം പൂർത്തിയാക്കിയശേഷം ബഹുമാനപ്പെട്ട ഗവർണ്ണർ സ്വന്തം ഇരിപ്പിടത്തിന് മുന്നിലെത്തിയപ്പോൾ വീണ്ടും പോലീസ് ബാൻഡ്

ദേശീയഗാനവാദനം നടത്തി. തുടർന്ന് ബഹുമാനപ്പെട്ട ഗവർണ്ണറെ ബഹുമാനപ്പെട്ട സ്പീക്കർ, മുഖ്യമന്ത്രി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്ജ് എന്നിവർ ചേർന്ന് നിയമസഭാമന്ദിരത്തിന്റെ പ്രധാനകവാടംവരെ അനുഗമിച്ച് യാത്രയാക്കി.

ഗവർണ്ണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു.

<u>മി. സ്പീക്കർ</u> : ഓർഡർ.....ഓർഡർ. ഗവർണ്ണറുടെ പ്രസംഗത്തിന്റെ കോപ്പി ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2016 ജൂൺ മാസം 28-ാം തീയതി ആരംഭിക്കുന്നതാണ്. നന്ദിപ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ 2016 ജൂൺ മാസം 25-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് മുമ്പായി ഭേദഗതികൾ നിയമസഭാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ പ്രസംഗത്തിന്റെ പകർപ്പുകൾ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വിതരണം ചെയ്തു.)

ഓർഡർ.....ഓർഡർ........സഭ ഇപ്പോൾ പിരിയുന്നതും  തിങ്കളാഴ്ച രാവിലെ 9.00 മണിക്ക്  വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ജൂൺ  മാസം 27-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക്  വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.32 ന് പിരിഞ്ഞു.)